REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-05-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **കോഴിക്കോട് മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിൽ പുക പടർന്ന സംഭവത്തിൽ അന്വേഷണത്തിന് മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി.**
- **മുംബൈയിൽ വേവ്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ന് കമ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം.**
- **കുടുംബശ്രീയുടെ 12-ാമത് ദേശീയ സരസ് മേള മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കോഴിക്കോട് ബീച്ചിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്യും.**
- **ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം.**
- **കോതമംഗലം താലൂക്കിൽ 5,000 പട്ടയം കൂടി അനുവദിക്കാൻ നടപടി പുരോഗമിക്കുകയാണെന്ന് മന്ത്രി K രാജൻ.**

## വാർത്തകൾ വിശദമായി

കോഴിക്കോട് മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിലെ UPS മുറിയിൽ നിന്ന് പുക ഉയർന്ന സംഭവത്തിൽ മന്ത്രി വീണാ ജോർജ് അന്വേഷണത്തിന് നിർദ്ദേശം നൽകി. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കാണ് അന്വേഷണ ചുമതല. അത്യാഹിത സേവനം ആവശ്യമായ രോഗികൾക്ക് കോഴിക്കോട് ബീച്ച് ആശുപത്രിയിൽ സൗകര്യമൊരുക്കുമെന്നും മന്ത്രി അറിയിച്ചു.

കോഴിക്കോട് പ്രതിനിധി നസീർബാബുവിന്റെ റിപ്പോർട്ട്.

...(വോയ്സ്)...

✪✪✪

കോഴിക്കോട് മെഡിക്കൽ കോളെജിലുണ്ടായ ഷോർട്ട് സർക്യൂട്ട് ഗൗരവമേറിയ വിഷയമാണെന്ന് T സിദ്ദിഖ് MLA പറഞ്ഞു.

സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന് BJP സിറ്റി ജില്ലാ പ്രസിഡണ്ട് K.P പ്രകാശ് ബാബു ആവശ്യപ്പെട്ടു. അധികൃതരുടെ ഭാഗത്ത് നിന്ന് ഉണ്ടായ വീഴ്ചയും പരിശോധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

മുംബൈയിൽ വേവ്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ന് കമ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം സംഘടിപ്പിക്കും. കമ്യൂണിറ്റി റേഡിയോ മേഖലയിലെ പുതിയ പ്രവണതകളും, നയങ്ങളും, പരിപാടികളും യോഗം ചർച്ച ചെയ്യും. പ്രാദേശിക സമൂഹത്തിൽ കൂടുതൽ ഫലപ്രദമായ ഇടപെടലിനും, ശാക്തീകരണത്തിനും ആവശ്യമായ നടപടികൾ യോഗത്തിൽ നിന്ന് ഉരുത്തിരിയുമെന്നാണ് പ്രതീക്ഷ. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷനുമായി സഹകരിച്ചാണ് ദേശീയ സമ്മേളനം നടത്തുന്നത്.

കോഴിക്കോട് ആകാശവാണിയിൽ നിന്ന് വേവ്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്ന ഫഹദ് റാസയുടെ റിപ്പോർട്ട്.

....(വോയ്സ്)...........

✪✪✪

ജാതി സെൻസസിൽ കോൺഗ്രസ് ആശയക്കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുകയാണെന്ന് BJP ആരോപിച്ചു. കോൺഗ്രസും സഖ്യകക്ഷികളും ആറ് പതിറ്റാണ്ടിലേറെ അധികാരത്തിലിരുന്നിട്ടും ഒരിക്കൽ പോലും ജാതി സെൻസസ് നടത്തിയിട്ടില്ലെന്ന് പാർട്ടി വക്താവ് സംബിത് പത്ര ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. BJP ഗവൺമെന്റാണ് ആദ്യമായി ജാതി സെൻസസ് നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, ജാതി സർവേയുടെ ഓരോ ഘട്ടത്തിനും സമയപരിധി പ്രഖ്യാപിക്കണമെന്ന് ന്യൂഡൽഹിയിൽ ചേർന്ന കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗം പ്രമേയത്തിൽ ആവശ്യപ്പെട്ടു.

✪✪✪

പഞ്ചാബിലെ അമൃത്സറിൽ നിന്ന് സോണൽ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ 547 കോടിയോളം രൂപയുടെ മയക്കുമരുന്ന് കടത്ത് പിടികൂടിയതായി ആഭ്യന്തര

മന്ത്രി അമിത്ഷാ അറിയിച്ചു. നാല് സംസ്ഥാനങ്ങളിൽ നാല് മാസത്തോളം നീണ്ട നടപടിയിലൂടെയാണ് മയക്കുമരുന്നും, കടത്തിനു പിന്നിലെ 15 പേരും പിടിയിലായതെന്ന് അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. മയക്കുമരുന്ന് മുക്ത ഭാരതം എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടിനെ പിന്തുണയ്ക്കുന്നതാണ് ഈ മയക്കുമരുന്ന് വേട്ടയെന്നും അമിത്ഷാ വിലയിരുത്തി.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്തിന്റെ കയറ്റുമതി എക്കാലത്തെയും ഉയർന്ന തോതിലെത്തിയതായി റിസർവ് ബാങ്കിന്റെ പുതിയ കണക്കുകൾ വ്യക്തമാക്കി. ഈ കാലയളവിൽ 824.9 ബില്യൺ ഡോളറിന്റെ കയറ്റുമതിയാണ് ഉണ്ടായത്. മുൻവർഷത്തെ അപേക്ഷിച്ച് 6.01 ശതമാനമാണ് വളർച്ച. സേവനങ്ങളുടെ കയറ്റുമതിയിൽ 13.6 ശതമാനവും റെക്കോർഡ് വളർച്ച രാജ്യത്തിന് നേടാനായി.

✪✪✪

കുടുംബശ്രീയുടെ 12-ാമത് ദേശീയ സരസ് മേളയും സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായ 'എന്റെ കേരളം' പ്രദർശന-വിപണന മേളയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കോഴിക്കോട് ബീച്ചിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ചടങ്ങിന് മുന്നാടിയായി വൈകീട്ട് മാനാഞ്ചിറ BEM സ്കൂളിൽനിന്ന് ബീച്ചിലേക്ക് ഘോഷയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. ഉച്ചയ്ക്കു ശേഷം നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

കഴിഞ്ഞ ഒമ്പത് വർഷത്തെ വികസന ക്ഷേമ പ്രവർത്തനങ്ങളുടെയും മുന്നേറ്റങ്ങളുടെയും നേർക്കാഴ്ച ഒരുക്കുന്നതാണ് എന്റെ കേരളം പ്രദർശന വിപണന മേള. പത്തു ദിവസത്തെ മേളയിൽ കലാ-സാംസ്കാരിക പരിപാടികളും, സെമിനാറുകളും ഉണ്ടായിരിക്കും.

✪✪✪

ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം. മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ നിർമ്മിത ബുദ്ധിയുടെ സ്വാധീനം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്).....

സത്യസന്ധമായ വാർത്തകൾ ജനങ്ങളിലെത്തിക്കാൻ നടത്തുന്ന സാഹസിക ശ്രമങ്ങൾക്കിടെ മരിക്കുകയോ, ജയിൽവാസം അനുഭവിക്കേണ്ടി വരികയോ ചെയ്യുന്ന പത്രപ്രവർത്തകർക്ക് ആദരം അർപ്പിക്കാനാണ് ഐക്യരാഷ്ട്ര സംഘടനയുടെ നിർദ്ദേശപ്രകാരം 1993 മുതൽ എല്ലാവർഷവും മേയ് 3 ലോക പത്രസ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നത്.

പത്രസ്വാതന്ത്ര്യത്തിന്റെ നിലനിൽപ്പിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളെയും സ്ഥാപനങ്ങളെയും ആദരിക്കുന്നതിന് യുനെസ്കോയുടെ ഗില്ലർമോ കാനോ പുരസ്കാരം സമ്മാനിക്കുന്നതും ഇന്നാണ്.

✪✪✪

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് - ധർമ്മടം സമഗ്ര ബീച്ച് ടൂറിസം വികസന പദ്ധതി ഒന്നാംഘട്ടം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 79 കോടി 50 ലക്ഷം രൂപ ചെലവിലാണ് ആദ്യഘട്ടം പൂർത്തീകരിച്ചത്. നാല് ഘട്ടങ്ങളായി പൂർത്തീകരിക്കുന്ന പദ്ധതിക്ക് ടൂറിസം വകുപ്പ് 233 കോടി 71 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദെരാബാദിനെ തോൽപ്പിച്ചു. അഹമ്മദാബാദിൽ 38 റൺസിനാണ് ഗുജറാത്തിന്റെ ജയം.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളൂരു M ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഗുജറാത്തിൽ ഈ മാസം 19 ന് ആരംഭിക്കുന്ന ആദ്യ ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിൽ പങ്കെടുക്കുന്നതിന് ആൺകുട്ടികളുടെ, കേരള ബീച്ച് ഫുട്ബോൾ ടീം സെലക്ഷൻ ട്രയൽസ് ഇന്നും നാളെയും ആലപ്പുഴ ബീച്ച് ഗ്രൗണ്ടിൽ നടത്തും. രാവിലെ ഏഴരയ്ക്ക് ആരംഭിക്കുന്ന ട്രയൽസിൽ പങ്കെടുക്കാൻ ജനന സർട്ടിഫിക്കറ്റ്, ആധാർ, സ്കൂൾ / കോളേജ് ബോണഫൈഡ് സർട്ടിഫിക്കറ്റ് മറ്റു സർട്ടിഫിക്കറ്റുകൾ, ഫോട്ടോ എന്നിവ സഹിതം ഹാജരാകേണ്ടതാണ്.

✪✪✪

കായിക വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വിമുക്ത കാമ്പയിൻ 'കിക്ക് ഡ്രഗ്സ്" പ്രചരണ സന്ദേശ യാത്ര മറ്റന്നാൾ കാസർകോട്ട് നിന്ന് ആരംഭിക്കും. മന്ത്രി V അബ്ദുറഹിമാൻ സന്ദേശയാത്രയ്ക്ക് നേതൃത്വം നൽകും. 14 ജില്ലകളിലൂടെയും സഞ്ചരിച്ച് ഈ മാസം 22-ന് എറണാകുളത്ത് കാമ്പയിൻ

സമാപിക്കും. എല്ലാ ജില്ലയിലും ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്ന മിനി മാരത്തോൺ, വാക്കത്തോൺ തുടങ്ങിയ പരിപാടികളാണ് കാമ്പയിനിൽ ഉൾപ്പെടുത്തുന്നത്. ഉദുമ പാലക്കുന്നിൽ മിനി മാരത്തോൺ തിങ്കളാഴ്ച രാവിലെ ജില്ലാ പോലീസ് മേധാവി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

കോതമംഗലം താലൂക്കിൽ 5,000 പട്ടയം കൂടി അനുവദിക്കാൻ നടപടി പുരോഗമിക്കുകയാണെന്ന് മന്ത്രി K രാജൻ പറഞ്ഞു. കോതമംഗലത്ത് കടവൂരിൽ പട്ടയ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കടവൂർ, കുട്ടമ്പുഴ, നേര്യമംഗലം വില്ലേജുകളിൽ പട്ടയം അനുവദിക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി എടുത്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പെരിയാർവാലി കനാൽ തീരത്ത് താമസിക്കുന്നവരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ മന്ത്രി റോഷി അഗസ്റ്റിന്റെ സാന്നിധ്യത്തിൽ പ്രത്യേക യോഗം ചേരുമെന്നും K രാജൻ അറിയിച്ചു.

✪✪✪

കേരളവുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന രാജ്യങ്ങളെ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ സ്പൈസ് റൂട്ട് പദ്ധതിയുടെ ഭാഗമായി അവിടങ്ങളിലെ ഗവേഷകരെ പങ്കെടുപ്പിച്ച് അന്താരാഷ്ട്ര പൈതൃക സമ്മേളനം നടത്താൻ ആലോചനയുണ്ടെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. ഫോർട്ടുകൊച്ചിയിലെയും, മട്ടാഞ്ചേരിയിലെയും പൈതൃക ഇടങ്ങളുടെ G.I.S മാപ്പിംഗ് പദ്ധതി വെബ്സൈറ്റ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കഴിഞ്ഞ ഒൻപതു വർഷത്തെ LDF ഭരണത്തിൽ ഗോത്രവിഭാഗങ്ങൾക്ക് സാമൂഹിക- സാംസ്കാരിക - സാമ്പത്തിക മേഖലകളിൽ വലിയ പുരോഗതി നേടാനായെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. നെയ്യാർ ഡാം റിസർവോയറിലെ കൂടുമത്സ്യക്കൃഷി വിളവെടുപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി .

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപ്പട്ടിക മറ്റന്നാൾ പ്രസിദ്ധീകരിക്കും. ഉപതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയായതായി ജില്ലാകളക്ടർ VR വിനോദ് മലപ്പുറത്ത് അറിയിച്ചു. മണ്ഡലത്തിൽ 59 പോളിംഗ്ബൂത്തുകൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

അവിടങ്ങളിലേക്കാവശ്യമായ വോട്ടിംഗ് യന്ത്രങ്ങളുടെയും, VV PAT മെഷീനുകളുടെയും പരിശോധന ഉടൻ പൂർത്തിയാക്കുമെന്ന് കലക്ടർ പറഞ്ഞു.

✪✪✪

യുവജനങ്ങളെ രാസലഹരിയിൽ നിന്ന് രക്ഷിക്കാൻ എല്ലാ വിഭാഗം ജനങ്ങളും യോജിച്ചു പ്രവർത്തിക്കണമെന്ന് മന്ത്രി V. അബ്ദുറഹിമാൻ ആവശ്യപ്പെട്ടു. കണ്ണൂർ പുഷ്പോത്സവത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരങ്ങൾ വിതരണം ചെയ്യുകയായിരുന്നു മന്ത്രി. ശ്രവ്യ മാധ്യമ വിഭാഗത്തിൽ ആകാശവാണിക്കാണ് പുരസ്കാരം.

✪✪✪

ആലപ്പുഴയിൽ ഹൈബ്രിഡ് കഞ്ചാവ് കേസിൽ നടൻ ശ്രീനാഥ് ഭാസി, മോഡൽ സൗമ്യ എന്നിവരെ വീണ്ടും ചോദ്യം ചെയ്യലിന് ഹാജരാകാൻ എക്സൈസ് നോട്ടീസ് നൽകും. ചില കാര്യങ്ങൾക്ക് കൂടി വ്യക്തത വരുത്തുവാൻ വേണ്ടിയാണ് ചോദ്യം ചെയ്യൽ .

✪✪✪

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ഈ അധ്യയന വർഷം MBA, MCA പ്രോഗ്രാമുകൾ തുടങ്ങാൻ UGC അനുമതി നൽകി. ഇതോടെ സർവകലാശാലയിൽ UGC അംഗീകൃതമായ കോഴ്സുകളുടെ എണ്ണം 31 ആയി.

✪✪✪

---

*News Editor: പി. ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി*
*DEO: ഷീബ*